LIBRARY ARCHIVES Kerala Legislative Assembly

വിജിലൻസ് പരിശോധന

22(1069) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി വിഭാഗം കോഴിക്കോട് റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ നടന്ന വിജിലൻസ് പരിശോധനയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ കാര്യങ്ങളാണ് വിജിലൻസ് കണ്ടെത്തിയതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) റിപ്പോർട്ടിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തു കൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഓഫീസിൽ ജോയിന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ നടത്തിയ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഓഫീസിനെക്കുറിച്ച് ഉയർന്നുകൊണ്ടിരിക്കുന്ന ആരോപണങ്ങൾ ഡയറക്ടർ നേരിട്ട് അന്വേഷിച്ച് ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. ടി ഓഫീസിൽ ഫയലുകൾ കൈകാര്യം ചെയ്യുന്നതിലുണ്ടായ കാലതാമസവും മറ്റ് അപാകതകളുമാണ് പ്രധാനമായും വിജിലൻസ് റിപ്പോർട്ടിലെ ഉള്ളടക്കം. പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(ബി) റിപ്പോർട്ട് പ്രകാരം നടപടിക്ക് ശിപാർശ ചെയ്തിട്ടുള്ള 14 ഉദ്യോഗസ്ഥർ ക്കെതിരെയുള്ള കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും തയ്യാറാക്കി വരുന്നു.

(സി&ഡി) വിവരം ശേഖരിച്ചുവരുന്നു.

അദ്ധ്യാപകരുടെ നിയമനം

23 (1070) ശ്രീ. വി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ എൽ.പി., യു.പി., ഹൈസ്കൂൾ വിഭാഗം അദ്ധ്യാപകരുടെ നിയമനം സംബന്ധിച്ച് ഇപ്പോൾ ഉണ്ടായിട്ടുള്ള കോടതി വിധിയുടെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇതുമായി ബന്ധപ്പെട്ട് സർക്കാർ എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.